

ലോക സി.ഒ.പി.ഡി ദിനം

എല്ലാ വർഷവും നവംബറിലെ മൂന്നാമത്തെ ബുധനാഴ്ചയാണ് ലോക സി.ഒ.പി.ഡി ദിനമായി ആചരിക്കുന്നത്. രോഗത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്താനും പ്രതിരോധ മാർഗങ്ങൾ പരിചയപ്പെടുത്താനുമാണ് ഈ ദിനം. ലോകമെമ്പാടുമുള്ള ആരോഗ്യസംഘടനകൾ ഇതിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു.

സ്വർണ വില
99,760

MAJESTIC
JEWELLERS
Gold ◆ Diamond ◆ Silver
Tirur

Ph:9961 3000 31

ALL SUNDAY OPEN

കേരള പ്രവാസി സംഘം കലക്ടറേറ്റ് മാർച്ച് നാളെ

മലപ്പുറം: യു.ഡി.എഫ് സർക്കാറിന്റെ പ്രവാസിവിരുദ്ധ നയങ്ങൾക്കെതിരെ കേരള പ്രവാസി സംഘം നടത്തുന്ന പ്രക്ഷോഭത്തിന്റെ ഭാഗമായി 19ന് രാവിലെ 10.30ന് കലക്ടറേറ്റിലേക്ക് മാർച്ച് നടത്തുമെന്ന് നേതാക്കൾ വാർത്തസമ്മേളനത്തിൽ അറിയിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് നന്ദിനി മോഹൻ ഉദ്ഘാടനം ചെയ്യും.പ്രവാസിക്ഷേമപദ്ധതികളോടുള്ള ബജറ്റിലെ അവഗണന, പ്രവാസി പെൻഷൻ കുടിശ്ശിക, സർക്കാർ സാമ്പത്തിക സഹായം നൽകാതെ പെൻഷൻ പദ്ധതിയെ പ്രതിസന്ധിയിലാക്കൽ, നോർക്ക ആരോഗ്യ ഇൻഷുറൻസ് പദ്ധതി തകർക്കാനുള്ള നീക്കം എന്നിവക്കെതിരെയാണ് പ്രക്ഷോഭം. 27, 28 തീയതികളിൽ സെക്രട്ടേറിയറ്റിനുമുന്നിൽ 48 മണിക്കൂർ സത്യഗ്രഹം നടത്തും. വാർത്തസമ്മേളനത്തിൽ ജില്ല പ്രസിഡന്റ് പി.സി. നൗഷാദ്, ജില്ല സെക്രട്ടറി വി.കെ. റൗഫ്, സംസ്ഥാന കമ്മിറ്റി അംഗം സി.പി. റസാഖ്, ജില്ല ട്രഷറർ ടി.പി. ദിലീപ് എന്നിവർ പങ്കെടുത്തു.

സ്ത്രീ മുന്നേറ്റങ്ങൾക്ക് കരുത്ത് പകർന്ന് ലീഡ്ഹെർഷിപ്പ് കാമ്പയിൻ

കെ.പി. യാസിർ

മഞ്ചേരി: സ്ത്രീകളെ സമൂഹത്തിന്റെ ഉന്നത പദവികളിലേക്ക് ഉയർത്തിക്കൊണ്ടുവരികയെന്ന ലക്ഷ്യത്തോടെ 'മാധ്യമ'വും മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സും സംയുക്തമായി സംഘടിപ്പിച്ച 'ലീഡ്ഹെർഷിപ്' (LeadHERship) രണ്ടാം സീസണിന് ജില്ലയിൽ പ്രൗഢ ഗംഭീര തുടക്കം. മഞ്ചേരി യൂണിറ്റി വിമൻസ് കോളജിലെ നിറഞ്ഞ സദസ്സിൽ കാമ്പയിന്റെ ഉദ്ഘാടനം ചൊവ്വാഴ്ച അഡ്വ. എം. റഹ്മത്തുല്ല എം.എൽ.എ നിർവഹിച്ചു. നിങ്ങളുടെ കപ്പലിനെ നിങ്ങൾ തന്നെ നയിക്കാനുള്ള കാര്യശേഷി സ്ത്രീ സമൂഹം ഒത്തൊരുമയോടെ നേടിയെടുക്കണമെന്ന് എം.എൽ.എ പറഞ്ഞു. മാധ്യമം സി.ഇ.ഒ പി. എം. സ്വാലിഹ് ആമുഖഭാഷണം നടത്തി. നടിമാരായ വിൻസി അലോഷ്യസ്, ജോളി ചിറയത്ത്, യു.പി.എസ്.സി റാങ്ക് ജേതാവ് ജഹാന സരീൻ, മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സ് പ്രതിനിധി കെ. മഞ്ജുഷ, അഡ്വ. യു.എ. ലത്തീഫ്, യൂണിറ്റി വിമൻസ് കോളജ് മാനേജർ ഒ. അബ്ദുൽ അലി, ഡോ. എൻ.വി. ഫാത്തിമത്തു സുഹ്റ, കോളജ് ചെയർപേഴ്സൻ പി. ഫാത്തിമ ഷെഫിയ കുരിക്കൾ, ഫാത്തിമത്തുൽ ബുസ്താന എന്നിവർ സംസാരിച്ചു. പ്രിൻസിപ്പൽ പ്രഫ മുഹമ്മദ് ബഷീർ ഉമ്മത്തൂർ സ്വാഗതവും എം. ഷബീർമോൻ നന്ദിയും പറഞ്ഞു. കേരളത്തിനകത്തും പുറത്തുമായി എട്ട് പ്രമുഖ കോളജുകളിലാണ് ലിഡ്ഹെർഷിപ് രണ്ടാം സീസണിലെ പരിപാടികൾ നടക്കുന്നത്. മീഫ്രണ്ട് ബിസിനസ് സൊലൂഷൻ സാണ് കാമ്പസുകളിൽ പരിപാടി സംഘടിപ്പിക്കുന്നത്.



'മാധ്യമ'വും മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സും സംയുക്തമായി മഞ്ചേരി യൂണിറ്റി വിമൻസ് കോളജിൽ സംഘടിപ്പിച്ച 'ലീഡ്ഹെർഷിപ്' രണ്ടാം സീസൺ അഡ്വ. എം. റഹ്മത്തുല്ല എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു. മാധ്യമം സി.ഇ.ഒ പി.എം. സ്വാലിഹ്, യൂണിറ്റി വിമൻസ് കോളജ് മാനേജർ ഒ. അബ്ദുൽ അലി, പ്രിൻസിപ്പൽ പ്രഫ. ഡോ. മുഹമ്മദ് ബഷീർ ഉമ്മത്തൂർ, നടിമാരായ വിൻസി അലോഷ്യസ്, ജോളി ചിറയത്ത്, യു.പി.എസ്.സി റാങ്ക് ജേതാവ് ജഹാന സരീൻ, മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സ് പ്രതിനിധി കെ. മഞ്ജുഷ തുടങ്ങിയവർ സമീപം



വിൻസി അലോഷ്യസ്

"വനിത ശാക്തീകരണം ആരംഭിക്കേണ്ടത് നമ്മുടെ ഉള്ളിൽനിന്നുതന്നെയാണ്. ബാക്കിയുള്ളതെല്ലാം ചുറ്റും സംഭവിച്ചുകൊള്ളും. സ്ത്രീയുടെ ഏറ്റവും വലിയ സമ്പത്ത് അവർ നിർമിച്ചെടുക്കുന്ന മനസ്സാണ്. നമ്മുടെ ഉള്ളിന്റെയുള്ളിൽ മനുഷ്യത്വമുള്ള മനസ്സ് ഇല്ലായെങ്കിൽ മറ്റെന്ത് ഉണ്ടെങ്കിലും ഒരർഥവും ഉണ്ടാവില്ല. ജീവിതത്തിൽ അതിജീവിനം സാധ്യമാവണമെങ്കിൽ ആരോഗ്യത്തോടൊപ്പം സാമ്പത്തിക സ്വാതന്ത്ര്യവും അനിവാര്യമാണ്.



ജോളി ചിറയത്ത്

"സ്ത്രീകൾ പഠിച്ചതുകൊണ്ടു മാത്രമായില്ല, അങ്ങനെ വളർന്നുവരുന്നവരെ നേതൃത്വത്തിലേക്ക് കൈപിടിച്ചുയർത്താൻ തക്കരീതിയിൽ സമൂഹത്തിൽ ജനാധിപത്യ ബോധം ഉണ്ടാവണം. ആര് ആരുടെയെയും മുകളിലോ താഴെയോ അല്ല. നയപരമായ തീരുമാനങ്ങൾ എടുക്കുന്ന പദവികളിലും അധികാരസ്ഥാനങ്ങളിലും സ്ത്രീക്ക് തുല്യ അവസരം ലഭിക്കണം. സംവിധാനങ്ങളോട് കലഹിച്ച് നേടിയെടുക്കേണ്ടതാണ് ഒരോ അവകാശങ്ങളും.



ജഹാന സരീൻ

"ഒരാൾ വിജയിക്കുമ്പോൾ ലോകം മുഴുവൻ അതറിയുകയും ആഘോഷിക്കുകയും ചെയ്യുന്നു. എന്നാൽ, പരാജയപ്പെടുമ്പോൾ അതിന്റെ വേദനയും നിരാശയും ആ വ്യക്തി സ്വന്തം ഉള്ളിൽ നിശ്ശബ്ദമായി സഹിക്കേണ്ടി വരുന്നു. എന്റെ വളർച്ചയിൽ ഈ രണ്ട് ഘട്ടങ്ങളിലൂടെയും ഞാൻ കടന്നുപോയിട്ടുണ്ട്. തോൽവിയിൽ തളർന്ന് ഇട്ടേച്ചുപോകരുത്. ഒരിക്കലും കംഫർട്ട് സോൺ തെരഞ്ഞെടുക്കരുത്. അത് പൊട്ടിച്ചുപുറത്തുകിടക്കാൻ സാധിക്കണം.

തുല്യനീതിയും അവസരവും വേണം -എം. റഹ്മത്തുല്ല എം.എൽ.എ

"സ്ത്രീക്കും പുരുഷനുമിടയിൽ തുല്യനീതിയും തുല്യ അവസരവും തുല്യസമത്വവുമാണ് ഉണ്ടാവേണ്ടതെന്ന് അഡ്വ. എം. റഹ്മത്തുല്ല എം.എൽ.എ. അത് നിഷേധിക്കപ്പെടുമ്പോഴാണ് സ്ത്രീശാക്തീകരണം ആവശ്യമായിവരുന്നത്. സാമൂഹിക മുന്നേറ്റത്തിന്റെ ഭാഗമായി മാറുന്നതിന് സഹോദരിമാർക്ക് എന്തെങ്കിലും കുറവുകൾ ഉണ്ടെങ്കിൽ അത് നികത്തിപോവണം.

സർക്കാർ ജീവനക്കാരുടെ ജില്ല കായികമേള 29ന് മലപ്പുറത്ത്

മലപ്പുറം: സംസ്ഥാന സർക്കാർ ജീവനക്കാർക്കായി കേരള എൻ.ജി.ഒ യൂനിയൻ സംഘടിപ്പിക്കുന്ന സംസ്ഥാന കായികമേളയുടെ മുന്നോടിയായി ജില്ല കായികമേള 29ന് മലപ്പുറം എം.എസ്.പി എൽ.പി സ്കൂൾ ഗ്രൗണ്ടിൽ നടക്കും. സീനിയർ, സൂപ്പർ സീനിയർ, മാസ്റ്റേഴ്സ് വിഭാഗങ്ങളിലായി സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം മത്സരങ്ങളാണ് സംഘടിപ്പിക്കുന്നത്. ജില്ലതല മത്സരങ്ങളിൽ വിജയിക്കുന്നവർ ഡിസംബർ 20ന് തിരുവനന്തപുരത്ത് നടക്കുന്ന സംസ്ഥാന കായികമേളയിൽ പങ്കെടുക്കും.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്- ദർഘാസ് പരസ്യം

അസിസ്റ്റന്റ് എൻജിനീയർ കാര്യാലയം, 110 കെ.വി. സബ്സ്റ്റേഷൻ, വടക്കാഞ്ചേരി, തൃശ്ശൂർ
ഇ-ടെൻഡർ ID: 2026_ KSEB_ 889576_1 അടങ്കൽ തുക:22,64,364/-രൂപ അവസാന തീയതി: 27.11. 2026 03.00 pm

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ കാര്യാലയം, ട്രാൻസ്മിഷൻ സർക്കിൾ, കോട്ടയ്ക്കും, തൃശ്ശൂർ.
ഇ-ടെൻഡർ ID: 2026_ KSEB_ 888677_1 അടങ്കൽ തുക:13,17,200/-രൂപ അവസാന തീയതി: 04.12.2026 03.00 pm

ദർഘാസ് ഫീർഘിപ്പിക്കൽ പരസ്യം
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ കാര്യാലയം, സിവിൽ മെയിന്റനൻസ് സബ് ഡിവിഷൻ, നല്ലളം, കോഴിക്കോട്. ഇ - ടെൻഡർ ID: 2026_KSEB_ 886248_1 അടങ്കൽതുക: 12,32,822.05/- രൂപ, അവസാന തീയതി: 21.11.2026 03.00 pm.
ദർഘാസ് പ്രമാണങ്ങൾക്ക് www.etenders.kerala.gov.in വിശദ വിവരങ്ങൾക്ക് www.kseb.in
PR/MC1/B-624/E-Tender/2026

കേരള വാട്ടർ അതോറിറ്റി ഇലട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ്: 11/2026-27/SE/PHC/MVPA, സ്റ്റേറ്റ് പ്ലാൻ 2026-27- ആരക്കുഴ, പാലക്കുഴ പഞ്ചായത്തുകളിലേക്കുള്ള വിവിധ സോണുകൾ കമ്മീഷൻ ചെയ്യുന്നതിനായി ട്രാൻസ്ഫിഷൻ മെയിനുകൾ സ്ഥാപിക്കുന്ന പ്രവർത്തി. നിരതദ്രവ്യം: Rs. Rs.50,000/-, ടെണ്ടർ ഫീസ് Rs.5,515/-, ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി: 08-12-2026 04:00 pm, ഫോൺ: 0485 2835637, വെബ്സൈറ്റ്: www.kwa.kerala.gov.in, www.etenders.kerala.gov.in

KWA-JB-GL-6-440-2026-27

സൂപ്രണ്ടിങ് എഞ്ചിനീയർ
PH സർക്കിൾ, മൂവാറ്റുപുഴ

വീടെന്ന സ്വപ്നത്തിന് ചെലവേറുന്നു; സർക്കാർ ഇടപെടണം -ലെൻസ്ഫെഡ് ജില്ല കൺവെൻഷൻ

കോട്ടക്കൽ: സാധാരണക്കാരന്റെ വീട് എന്ന സ്വപ്നം ചെലവേറിയതായി മാറുന്ന സാഹചര്യത്തിൽ സർക്കാർ ഇടപെട്ട് നടപടിയെടുക്കണമെന്ന് ലെൻസ്ഫെഡ് ജില്ല കൺവെൻഷൻ ആവശ്യപ്പെട്ടു. നിർമാണ അസംസ്കൃത വസ്തുക്കളുടെ അനിയന്ത്രിതമായ വിലവർധനയും തൊഴിലാളികളുടെ ലഭ്യത ക്കുറവും വർധിച്ച തൊഴിൽ ചെലവും വലിയ തിരിച്ചടിയായി മാറിയതായും കൺവെൻഷൻ അഭിപ്രായപ്പെട്ടു. കോട്ടക്കലിൽ നടന്ന കൺവെൻഷൻ പ്രഫ. കെ.കെ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ ഉദ്ഘാടനം ചെയ്തു. ജില്ല പ്രസിഡന്റ് പി. മോഹനകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് സി.എസ്. വിനോദ് കുമാർ, ജിതിൻ സുധാകൃഷ്ണൻ, നഗരസഭ ചെയർപേഴ്സൻ കെ.കെ. നാസർ, ശോഭനകുമാരി, കെ. സിദ്ദീഖ്, അനിൽകുമാർ, പ്രസീജ്കുമാർ, പാതാരി അമീർ, മങ്കര ശിഹാബ്, മുഹമ്മദ് ഇഖ്ബാൽ, വി.കെ.എ. റസാക്ക്, റിയാസ് അലി, പാറോളി നിയാസ്, കപ്രാട്ട് രമേശ് എന്നിവർ സംസാരിച്ചു.



ലെൻസ്ഫെഡ് ജില്ല കൺവെൻഷൻ കോട്ടക്കലിൽ പ്രഫ. കെ.കെ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

ഗതാഗത നിയന്ത്രണം

മലപ്പുറം: മുണ്ടുപറമ്പ്-കുട്ടിലങ്ങാടി പാതയിൽ നവീകരണ പ്രവൃത്തികൾ നടക്കുന്നതിനാൽ പ്രവൃത്തി പൂർത്തീകരിക്കുന്നതുവരെ രാത്രി എട്ട് മുതൽ രാവിലെ ഏഴ് വരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയതായി പൊതുമരാമത്ത് (നിരത്തുകൾ വിഭാഗം) എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു. മച്ചിങ്ങൽ ഭാഗത്ത് നിന്നും മുണ്ടുപറമ്പ് ഭാഗത്തേക്ക് പോകുന്ന വാഹനങ്ങൾ മലപ്പുറം ടൗൺ വഴി തിരിഞ്ഞുപോകണം.

Federal Bank

LCRD / കോഴിക്കോട് ഡിവിഷൻ,
1-ാം നില, ഫെഡറൽ ടവേഴ്സ്, അരയിടത്തുപാലം, കോഴിക്കോട്- 673016
Ph: 0495 2740886, E-mail: kkdlcrd@federal.bank.in
Website: www.federal.bank.in, CIN: L65191KL1931PLC000368

ഡിമാന്റ് നോട്ടീസ് സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ 13(2) വകുപ്പ് അനുശാസിക്കുന്ന പ്രകാരം പുറപ്പെടുവിക്കുന്ന നോട്ടീസ്.

ഇനം നം. 1 — **വായ്പക്കാർ/ സഹ വായ്പക്കാർ/ ജാമ്യക്കാരുടെ പേരും വിലാസവും:** (1) **ശ്രീ. ബാലകൃഷ്ണൻ**, S/o പറങ്ങ് (2) **ശ്രീമതി. മിന്റു കുമാരൻ**, W/o ബജീഷ് ആന്തൂർ വളപ്പിൽ (3) **ശ്രീ. ബജീഷ് ആന്തൂർ വളപ്പിൽ**, (പ്രതിനിധീകരിച്ച് മുക്ത്യാർ അവകാശി ശ്രീമതി. മിന്റു കുമാരൻ) S/o ബാലകൃഷ്ണൻ, എല്ലാവരും താമസം: ആന്തൂർ വളപ്പിൽ ഹൗസ്, നന്നംമുക്ക് പി ഒ, മലപ്പുറം, കേരളം- 679575.

ക്രമ നം.	വായ്പയുടെ സ്വഭാവം	വായ്പ നം.	അനുവദിച്ച തുക	കൈപ്പറ്റിയ തീയതി	കൈപ്പറ്റിയ വർ	കുടിശ്ശിക തുക	പലിശ നിരക്ക്
1.	EI-NEW CAR LOAN	15567400002508	രൂപ 1,20,00,000/-	16/08/2024	1 മുതൽ 3 വരെ നമ്പറുകാർ	15/10/2026 ലെ രൂപ 95,51,086.64	15/10/2026 മുതൽ 7.75% p.a പ്രതിമാസ പലിശയും പിഴ ചാർജ്ജും

ശാഖ: ചങ്ങരംകുളം ● ഡിമാന്റ് നോട്ടീസ് തീയതി: 28-10-2026 ● നിഷ്ക്രിയ ആസ്തിയായ തീയതി: 13-10-2026

പണയപ്പെടുത്തിയ ജംഗമ വസ്തുവിന്റെ വിശദ വിവരം: നിങ്ങളിൽ 1-ാം നമ്പറുകാരൻ പണയപ്പെടുത്തിയ ലാൻഡ് റോവർ ഡിഫൻഡർ HSE BSVI, ചേസിസ്സ് നം.: SALEA7AXXR2340659, എഞ്ചിൻ നം.: 240426Y0289PT204, 2024 മോഡൽ, പെട്രോൾ, ഫ്യൂജി വൈറ്റ് കളർ, രജിസ്ട്രേഷൻ നം.: KL-54-R-2222.

ഇനം നം. 2 — **വായ്പക്കാർ/ സഹ വായ്പക്കാർ/ ജാമ്യക്കാരുടെ പേരും വിലാസവും:** **ശ്രീമതി. ജെസ്ന കെ.എസ്.** W/o മുഹമ്മദ് അർഷാദ് എൻ, (എ) കരുവ കുന്നൻ വീട്, ആസാദ് നഗർ, പറപ്പൂർ പി.ഒ, മലപ്പുറം, കേരളം- 676503, (ബി) പുളിയപറമ്പ്, കരിപ്പൂർ പി.ഒ, മലപ്പുറം, കേരളം- 673638.

ക്രമ നം.	വായ്പയുടെ സ്വഭാവം	വായ്പ നം.	അനുവദിച്ച തുക	കൈപ്പറ്റിയ തീയതി	കൈപ്പറ്റിയ വർ	കുടിശ്ശിക തുക	പലിശ നിരക്ക്
1.	EI-GSN-PMEGP/ SJSRY/SGS	14276800000184	രൂപ 6,25,000/-	07/10/2025	മുകളിൽ പറഞ്ഞ വ്യക്തി	07/10/2026 ലെ രൂപ 6,27,398/-	07/10/2026 മുതൽ 13.20% p.a പ്രതിമാസ പലിശയും പിഴ ചാർജ്ജും

ശാഖ: കോട്ടക്കൽ ● ഡിമാന്റ് നോട്ടീസ് തീയതി: 06-11-2026 ● നിഷ്ക്രിയ ആസ്തിയായ തീയതി: 05-10--2026

പണയപ്പെടുത്തിയ ജംഗമ വസ്തുവിന്റെ വിശദ വിവരം: മുകളിൽ പറഞ്ഞയാൾ പണയപ്പെടുത്തിയതും M/s എ.ജെ.ഹെയർ സ്റ്റുഡിയോ ഫാമിലി യൂനിസെക്സ് സ്റ്റുഡിയോ സബ്ജൺ, 24/417 H, കോട്ടക്കൽ, മലപ്പുറം, കേരളം- 676503 ലെ സ്ഥാപനത്തിലോ/ഗോഡൗണിലോ/മറ്റെവിടെയെങ്കിലും സൂക്ഷിച്ചിട്ടുള്ളതും താഴെ പറയുന്നവയുമായ സ്ഥിര ആസ്തികൾ : ഹെയർ കട്ടിംഗ് ചെയറുകൾ - 6 എണ്ണം, കുട്ടികൾക്കുള്ള ഹെയർ കട്ടിംഗ് ചെയറുകൾ - 2 എണ്ണം, പെഡിക്യൂർ/മാനിക്യൂർ ലെഗ് വാഷ് & ഹാന്റ് വാഷ് - 2 എണ്ണം, ഹെയർ വാഷിംഗ് ട്രോളികൾ - 2 എണ്ണം, ഹെയർ ഡ്രയറുകൾ - 4 എണ്ണം, ട്രിമ്മറുകൾ - 2 എണ്ണം, ഷേവർ വാർമർ - 1 എണ്ണം, ഹെഡ് സ്റ്റീമറുകൾ - 2 എണ്ണം, ഹെയർ ക്രിംബർ - 1 എണ്ണം, ഹെയർ കർളർ - 1 എണ്ണം, സ്റ്റഡ് ഗൺ - 1 എണ്ണം, റിമൂവർ - 1 എണ്ണം, അയേണറുകൾ - 3 എണ്ണം, ഗാൽവാനിക് മസാജർ - 1 എണ്ണം, വാക്സ് ഹീറ്റർ - 1 എണ്ണം, മസാജർ - 1 എണ്ണം, ട്രോളികൾ - 6 എണ്ണം, സ്റ്റെറിലൈസറുകൾ - 2 എണ്ണം, ഹെയർ വോളുമൈസിംഗ് ടൂളുകൾ (ഹെയർ സ്ട്രൈറ്റനർ ബ്രഷ് ഉൾപ്പെടെ) - 1 എണ്ണം, ഹെന്ന ബേസിനും ചെയറും - 1 എണ്ണം, 7 ഇഞ്ച് കത്രികകൾ - 4 എണ്ണം, IK-T34 6 ഇഞ്ച് കത്രികകൾ - 3 എണ്ണം, മൾട്ടിഫങ്ഷണൽ ഹൈഡ്ര ഫേഷ്യൽ 12 ഇഞ്ച്- 1 എണ്ണം, ക്ലാസ്സിക്കൽ - 2 എണ്ണം, wahl ട്രിമ്മറുകൾ - 3 എണ്ണം, A/c ഫിറ്റിംഗുകളും അനുബന്ധ സാമഗ്രികളും - 4 എണ്ണം, ബ്രൈഡൽ ചെയർ - 1 എണ്ണം, ഫേഷ്യൽ ബെഡുകൾ - 3 എണ്ണം, വാക്സിംഗ് ബെഡ് - 1 എണ്ണം, സ്കിൻ അനലൈസർ - 1 എണ്ണം.

മുകളിൽ പ്രസ്താവിച്ച ജാമ്യ വസ്തുക്കളെ ഈടു വസ്തുവായി പ്രതിപാദിച്ചിരിക്കുന്നു. ടി ലോൺ വ്യവസ്ഥകൾ ലംഘിച്ച് തിരിച്ചടവ് മുടക്കം വരുത്തിയ തുവഴി ടി കടം ദാരതീയ റിസർവ്വ് ബാങ്കിന്റെ നിർദ്ദേശങ്ങൾ പ്രകാരം നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിരിക്കുന്നു. ചുവടെ കൈയ്യൊപ്പ് പതിപ്പിച്ചിരിക്കുന്നയാൾ ഈ ബാങ്കിന്റെ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് വായ്പക്കാരെ അറിയിക്കുന്നതെന്തെന്നാൽ മേൽ കാണിച്ചിരിക്കുന്ന വായ്പ നമ്പരുകളിലെ മേൽ കാണിച്ച തീയതി വരെയുള്ള കുടിശ്ശിക തുക നിങ്ങളിൽ നിന്നും ഒറ്റയ്ക്കും, കൂട്ടായും ടി ബാങ്കിന്റെ മേൽ കാണിച്ച ശാഖകളിലേക്ക് നൽകാനുള്ളതാണ്. ടി ബാങ്ക് ടി നിയമത്തിന്റെ 2(zd) വകുപ്പ് പ്രകാരം ടി നിയമത്തിന്റെ വകുപ്പ് 13(2) പ്രകാരം മേൽ കാണിച്ച വായ്പ നമ്പരുകളിലെ തുകയും അതിൻമേൽ നിശ്ചിത തീയതി മുതൽ അടച്ച് തീർക്കുന്നത് വരെ നിശ്ചിത നിരക്കിലുള്ള പ്രതിമാസ പലിശയും പിഴ പലിശയും മൊത്തം ബാദ്ധ്യതുകയിലേക്ക് ചേർത്ത് ഈ നോട്ടീസ് തീയതി മുതൽ 60 ദിവസത്തിനകം അടയ്ക്കേണ്ടതും അല്ലാത്തപക്ഷം ബാങ്കിന്റെ മറ്റ് അവകാശങ്ങളും പരിഹാരങ്ങളും ഹനിക്കാത്തവിധം തുടർ നോട്ടീസ് കൂടാതെ ടി വകുപ്പിന്റെ 13(4) പ്രകാരം ചുവടെ പ്രസ്താവിക്കുന്ന നടപടികൾ താങ്കൾക്കെതിരെ സ്വീകരിക്കുന്നതാണ്. (എ) ടി വസ്തുവകകൾ കൈവശമെടുത്ത് വാടകയായോ, വിൽപനയായോ ബാദ്ധ്യത ഈടാക്കുന്നതിലേയ്ക്കായി കൈമാറ്റം ചെയ്യുക. (ബി) ടി വസ്തുവിന്റെ നടത്തിപ്പവകാശം ഏറ്റെടുത്ത് വാടകയായോ വിൽപനയായോ മറ്റ് രീതിയിലോ കൈമാറ്റം ചെയ്യുക ആയതിലൂടെ ബാദ്ധ്യത ഈടാക്കുക. (സി) ടി വസ്തുവകകൾ കൈവശമെടുത്ത് ആയതിന്റെ നടത്തിപ്പിലേയ്ക്കായി ഏതെങ്കിലും വ്യക്തികളെ ഏൽപ്പിക്കുക. (ഡി) താങ്കളിൽ നിന്നും ടി വസ്തുവകകൾ ഏറ്റെടുക്കുകയോ താങ്കൾക്ക് കിട്ടുവാനുള്ളതോ തരുവാനുള്ളതോ ആയ തുക ഏതൊരു ആളിൽ നിന്നും ബാങ്കിലേയ്ക്ക് അടയ്ക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് രേഖാമൂലം നോട്ടീസ് അറിയിക്കേണ്ടതാണ്.
ടി നിയമത്തിന്റെ 13(13) പ്രകാരം ഈ നോട്ടീസ് ലഭ്യമായ ശേഷം ടി വസ്തുവകകൾ വിൽപനയായോ വാടകയായോ മറ്റ് ഏതെങ്കിലും തരത്തിലോ ബാങ്കിന്റെ എഴുതിവാങ്ങിയ അനുവാദം കൂടാതെ ബാങ്കിന് ദോഷം വരുന്ന യാതൊരു രീതിയിലും താങ്കൾ കൈമാറ്റം ചെയ്യാൻ പാടില്ല.
ടി നിയമത്തിന്റെ 13(6) പ്രകാരം ബാങ്കിന് ടി വസ്തു കൈമാറ്റം ചെയ്യപ്പെടുന്ന ആളിന് പൂർണ്ണമായ അവകാശം നൽകാവുന്നതും ആയത് താങ്കൾ കൈമാറ്റം ചെയ്യപ്പെടുന്ന അതേ അധികാരവകാശങ്ങളോടെ ആയിരിക്കുമെന്നുള്ളത് താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ടി നോട്ടീസ് ലഭിച്ച് 60 ദിവസത്തിനുള്ളിൽ താങ്കൾ തുക അടയ്ക്കാത്തപക്ഷം ബാങ്ക് ടി നിയമപ്രകാരമുള്ള പരിഹാര നടപടികളിലേയ്ക്ക് കടന്നാൽ ആയതിലേക്കുള്ള എല്ലാ ചിലവുകളും നിങ്ങളിൽ നിന്നും ഈടാക്കി കിട്ടുവാൻ ബാങ്കിന് അവകാശമുള്ളതാകുന്നു. ടി നിയമം ടി സർഫേസി നിയമത്തിന്റെ 13(8)-ാം വകുപ്പ് അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ മുഴുവൻ ബാധ്യതയും തീർത്തു പണയ വസ്തു തിരികെ ലഭിക്കുവാനുള്ള നിയമപരമായ അവകാശം താങ്കൾക്കുണ്ടെന്നതും കാരണവശാൽ ആസ്തി വിറ്റുകിട്ടുന്ന തുക ബാദ്ധ്യത തീർക്കുന്നതിന് പ്രാപ്തമല്ലാതെ വരികയും ചെയ്താൽ ബാങ്ക് ബാക്കി തുകയ്ക്ക് താങ്കൾക്കെതിരായി നടപടികൾ സ്വീകരിക്കുന്നതായിരിക്കും. അത് ലോൺ ബാദ്ധ്യത ഈടാക്കി എടുക്കുന്നതിനുള്ള മറ്റ് അവകാശങ്ങൾക്കും, പരിഹാരങ്ങൾക്കും യാതൊരു ദോഷവും വരാത്തവണ്ണം ഈ നോട്ടീസ് പുറപ്പെടുവിച്ചിരിക്കുന്നതാകുന്നു.

സ്ഥലം: കോഴിക്കോട് — (ഒപ്പ്) ദി ഫെഡറൽ ബാങ്ക് ലിമിറ്റഡിനു വേണ്ടി സർഫാസി നിയമ പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ

കനറാ ബാങ്ക് കേനറാ ബ്രാങ്ക് Canara Bank

കനറാ ബാങ്ക്, റിക്കവറി, ലീഗൽ, ഫ്രോഡ് പ്രിവൻഷൻ സെക്ഷൻ, റീജിയണൽ ഓഫീസ് - മലപ്പുറം
വർണം ആർക്കേഡ്, ബൈപാസ് റോഡ്, മച്ചിങ്ങൽ, മുണ്ടുപറമ്പ് പി ഒ, മലപ്പുറം - 676509,
Ph: 0483- 272323, E-Mail: rompmrec@canarabank.com

ഡിമാന്റ് നോട്ടീസ് [സെക്ഷൻ 13 (2)] സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 വകുപ്പ് 13(2) പ്രകാരം അറിയിക്കുന്ന നോട്ടീസ്

സർ/മാഡം: നിങ്ങൾ ഈ ബാങ്കിൽ നിന്നും വായ്പയെടുത്ത വകയിൽ താഴെ പറയുന്ന തുകകൾ തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്.ടി. തുകകൾ അടച്ചു തീർക്കേണ്ട ബാദ്ധ്യതയെപ്പറ്റി പല തവണ അറിയിച്ചെങ്കിലും തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ നിങ്ങളുടെ ലോൺ അക്കൗണ്ടുകൾ നിഷ്ക്രിയ ആസ്തിയായി നിർണ്ണയം ചെയ്തിരിക്കുന്നു. സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 വകുപ്പ് 13(2) പ്രകാരം 60 ദിവസത്തിനകം ഈ വായ്പാ തുക താങ്കൾ പലിശ